നമ്പർ.ക്യൂ.ഐ.പി.(1)/412014/2022/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 05.03.2022

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - 1 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ വാർഷിക പരീക്ഷ. - സംബന്ധിച്ച്.

സൂചന:-

.........

2021-22 വർഷത്തെ 1 മുതൽ 9 വരെയുള്ള ക്ലാസ്സുകളുടെ വാർഷിക പരീക്ഷകൾ 2022 മാർച്ച് 23 മുതൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പരീക്ഷ സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. 1 മുതൽ 4 വരെ ക്ലാസ്സുകളിൽ വർക്ക്ഷീറ്റ് മാതൃകയിലാണ് വാർഷിക പരീക്ഷാ ചോദ്യപേപ്പർ തയ്യാറാക്കിയിട്ടുള്ളത്.
2. 5 മുതൽ 9 വരെയുള്ള ക്ലാസ്സുകൾക്ക് ചോദ്യപേപ്പർ നൽകി വാർഷിക മൂല്യനിർണ്ണയം നടത്തും.
3. ചോദ്യപേപ്പറുകൾ മാർച്ച് 21നകം ബി.ആർ.സി.കളിൽ എത്തിക്കുന്നതാണ്. സ്കൂൾ പ്രഥമാദ്ധ്യാപകർ ബന്ധപ്പെട്ട ബി.ആർ,സി.കളിൽ നിന്നും ചോദ്യപേപ്പറുകൾ ശേഖരിക്കേണ്ടതാണ്.
4. പരീക്ഷ സംബന്ധിച്ച എൽ.പി./യു.പി, എച്ച്.എസ് വിഭാഗം ടൈംടേബിളുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. മുസ്ലീം കലണ്ടർ പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകൾ, എൽ.പി./യു.പി. ഇൻഡിപ്പെൻഡന്റ് സ്കൂൾ, എൽ.പി./യു.പി. അറ്റാച്ച്ട് സ്കൂൾ എന്നീ വിഭാഗങ്ങൾ ഒരേ ടൈംടേബിൾ തന്നെയാണ് പിന്തുടരേണ്ടത്.
5. എൽ.പി. ക്ലാസ്സുകളിലെ കുട്ടികളോട് പരീക്ഷാ ദിവസങ്ങളിൽ ക്രയോണുകൾ/കളർ പെൻസിൽ കരുതാൻ നിർദ്ദേശം നൽകേണ്ടതാണ്.
6. 5 മുതൽ 7 വരെ ക്ലാസ്സുകളിൽ എല്ലാ ചോദ്യപേപ്പറുകളിലും ചോയ്സ് ചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.
7. 5 മുതൽ 7 വരെ ക്ലാസ്സുകളിലെ കലാ-കായിക പ്രവൃത്തി പരിചയ വിഷയത്തിന്റെ പരീക്ഷ ചോദ്യപേപ്പറുകൾ സ്കൂൾ തലത്തിൽ തയ്യാറാക്കി ഉചിതമായ സമയം കണ്ടെത്തി പരീക്ഷ നടത്തേണ്ടതാണ്.

ചോദ്യപേപ്പർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ എസ്.സി.ഇ.ആർ.ടി. നൽകുന്നതാണ്.

8. 8, 9 ക്ലാസ്സുകളുടെ വാർഷിക മൂല്യനിർണ്ണയ പ്രക്രിയ കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ പരീക്ഷയെ അഭിമുഖീകരിക്കാൻ കഴിയുന്നവിധമാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. നേരിട്ടുള്ള ക്ലാസ്സുകൾ പൂർണ്ണമായും കുട്ടികൾക്ക് ലഭ്യമായിട്ടില്ല എന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ ചോദ്യപേപ്പറുകളിൽ അധിക ചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

9. എല്ലാ പാഠഭാഗങ്ങളിലെയും ചോദ്യങ്ങൾ ഉണ്ടാകുമെങ്കിലും ആദ്യ ഭാഗങ്ങളിൽ നിന്നും കൂടുതൽ ചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

10. 8, 9 ക്ലാസ്സുകളിലെ ചോദ്യപേപ്പറുകളുടെ ഘടന മുൻവർഷങ്ങളിലേത് പോലെ ആയിരിക്കും.

പൊതു വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്-

*എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും*
*എല്ലാ ജില്ലാ/ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും*
*എല്ലാ പ്രഥമാദ്ധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)*

പകർപ്പ് -

*ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. കേരള*
*സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷാ കേരള*
*എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും*

For previous year question papers visit www.educationobserver.com